# കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടി ക്രമങ്ങൾ
## (ഹാജർ: എസ്.ജോസ്നമോൾ)

സംഗ്രഹം : പഞ്ചായത്ത് വകുപ്പ് – ജീവനക്കാര്യം – ക്ലാർക്ക്/സീനിയർ ക്ലാർക്ക് തസ്തിക – ഉദ്യോഗക്കയറ്റം – നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : 1. സ.ഉ.(കൈ.)നം.105/2007തസ്വഭവ തീയതി 04.04.2007
2. സ.ഉ.(കൈ.)54/2008തസ്വഭവ തീയതി 03.03.2008
3. പഞ്ചായത്ത് ജോയിന്റ് ഡയറക്ടറുടെ 09.06.2015ലെ ഇ4–04/2015നമ്പർ ഉത്തരവ്.

...

**ഉത്തരവ് നമ്പർ ഇ2.02/2012 തീയതി: 11/6/2015**

വകുപ്പുതല പരീക്ഷകൾ വിജയിച്ച് പ്രൊബേഷൻ പൂർത്തീകരിച്ച് സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് ഉദ്യോഗക്കയറ്റത്തിന് അർഹത നേടിയ എട്ട് പേരേയും 50 വയസ്സ് പൂർത്തീകരിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.എസ്.&എസ്.എസ്.ആർ ഭാഗം രണ്ട് ചട്ടം 13(ബി) പ്രകാരം വകുപ്പുതല പരീക്ഷകൾ വിജയിക്കുന്നതിൽ നിന്നും സ്ഥിരമായി ഒഴിവാക്കിയ മൂന്ന് പേരേയും ചേർത്ത് 11 ക്ലാർക്കുമാർക്ക് സീനിയർ ക്ലാർക്കായി ₹-13210/ – ₹-22360/ ശമ്പള നിരക്കിൽ സീനിയർ ക്ലാർക്കായി താൽക്കാലിക ഉദ്യോഗക്കയറ്റം നൽകിയും കോട്ടയം ജില്ലയിലേക്ക് അലോട്ട് ചെയ്തും പരാമർശം (3) പകാരം ഉത്തരവായിട്ടുണ്ട്. കൂടാതെ, നിലവിൽ സ്ലോപ്പ് ഗ്യാപ്പ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ സീനിയർ ക്ലാർക്കായി സേവനമനുഷ്ഠിച്ചുവരുന്ന പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്തിലെ ശ്രീമതി.ലോവിസ് ജോണിന് കെ.എസ്.&എസ്.എസ്.ആർ. ഭാഗം രണ്ട് ചട്ടം 13(എ) (1) (എ) പ്രകാരം വകുപ്പുതല പരീക്ഷകൾ വിജയിക്കുന്നതിൽ നിന്നും താൽക്കാലികമായി ഒഴിവാക്കി സീനിയർ ക്ലാർക്ക് തസ്തികയിൽ തുടരുന്നതിന് അനുവദിച്ചും പരാമർശം (3) പ്രകാരം ഉത്തരവായിട്ടുണ്ട്. ടിയാളുകൾക്ക് ടിയാളുകളുടെ പേരിനു നേരെ കോളം രണ്ടിൽ ചേർത്തിരിക്കുന്ന കാര്യാലയത്തിൽ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | കോളം (1) | കോളം (2) | കോളം (3) |
|---|---|---|---|
| 1 | ജോർജ്ജ്കുട്ടി.വി.ജോബ്, പനച്ചിക്കാട് ഗ്രാമപഞ്ചായത്ത്. | തിരുവാർപ്പ് ഗ്രാമപഞ്ചായത്ത്. | ഉദ്യോഗ കയറ്റം |
| 2 | മധു ഗോപാലകൃഷ്ണൻ, തലപ്പലം ഗ്രാമപഞ്ചായത്ത്. | മേലുകാവ് ഗ്രാമപഞ്ചായത്ത്. | ഉദ്യോഗ കയറ്റം |

| | | | |
|---|---|---|---|
| 3 | താഹിറ ബീവി, പാറത്തോട് ഗ്രാമപഞ്ചായത്ത്. | മണിമല ഗ്രാമപഞ്ചായത്ത്. | ഉദ്യോഗ കയറ്റം |
| 4 | അജിത.ഒ., വെച്ചൂർ ഗ്രാമപഞ്ചായത്ത്. | മാടപ്പള്ളി ഗ്രാമപഞ്ചായത്ത്. | ഉദ്യോഗ കയറ്റം |
| 5 | ഗിരീഷ്കുമാർ.ജി., ഡി.ഡി.പി. ആഫീസ്, കോട്ടയം. | തലയാഴം ഗ്രാമപഞ്ചായത്ത്. | ഉദ്യോഗ കയറ്റം |
| 6 | അനിത.ബി., വെള്ളാവൂർ ഗ്രാമപഞ്ചായത്ത്. | വെള്ളാവൂർ ഗ്രാമപഞ്ചായത്ത്. | ഉദ്യോഗ കയറ്റം |
| 7 | ശ്രീനാഥ്.കെ.എസ്., മണർകാട് ഗ്രാമപഞ്ചായത്ത്. | ജില്ലാ പഞ്ചായത്ത്. കോട്ടയം | ഉദ്യോഗ കയറ്റം |
| 8 | ആശാ വർഗ്ഗീസ്, പുതുപ്പള്ളി ഗ്രാമപഞ്ചായത്ത്. | വാഴപ്പള്ളി ഗ്രാമപഞ്ചായത്ത്. | ഉദ്യോഗ കയറ്റം |
| 9 | സുരേഷ്കുമാർ.കെ.സി., കൂരോപ്പട ഗ്രാമപഞ്ചായത്ത്. | ഉദയനപുരം ഗ്രാമപഞ്ചായത്ത്. | ഉദ്യോഗ കയറ്റം |
| 10 | റംലത്ത് ബീവി, പള്ളിക്കത്തോട് ഗ്രാമപഞ്ചായത്ത്. | ഈരാറ്റുപേട്ട ഗ്രാമപഞ്ചായത്ത്. | ഉദ്യോഗ കയറ്റം |
| 11 | വിജയകുമാരൻ നായർ, കൊഴുവനാൽ ഗ്രാമപഞ്ചായത്ത്. | കടനാട് ഗ്രാമപഞ്ചായത്ത്. | ഉദ്യോഗ കയറ്റം |

സീനിയർ ക്ലാർക്കുമാരായി ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാർ 26.02.2011ലെ സ.ഉ.(അ)നം.85/2011(ധന) ഉത്തരവിനനുസൃതമായി ഉദ്യോഗക്കയറ്റം സ്വീകരിച്ച തീയതി മുതൽ ഒരു മാസത്തിനകം ബന്ധപ്പെട്ട കാര്യാലയ മേധാവി മുമ്പാകെ ശമ്പള നിർണ്ണയം സംബന്ധിച്ച ഇച്ഛാപത്രം സമർപ്പിക്കേണ്ടതാണ്. കെ.എസ്.&എസ്.എസ്.ആർ. ഭാഗം രണ്ട് ചട്ടം 13(എ) (1) (എ) പ്രകാരം വകുപ്പുതല പരീക്ഷകൾ വിജയിക്കുന്നതിൽ നിന്നും താൽക്കാലികമായി ഒഴിവാക്കപ്പെട്ട ജീവനക്കാരുടെ സേവനപുസ്തകത്തിൽ ടി വിവരം രേഖപ്പെടുത്തേണ്ടതും ടിയാളുകൾ യഥാസമയം വകുപ്പുതല പരീക്ഷകൾ പാസ്സായിട്ടില്ല എങ്കിൽ ബന്ധപ്പെട്ട ഓഫീസ് മേധാവി ടി വിവരം ഈ കാര്യാലയത്തിലും മറ്റു ബന്ധപ്പെട്ട അധികാര സ്ഥാനങ്ങളിലും അറിയിക്കേണ്ടതാണ്.

**ഈ നിയമനം 2015ലെ പൊതുസ്ഥലമാറ്റ ഉത്തരവ് പുറപ്പെടുവിക്കുമ്പോൾ പുനഃപരിശോധിക്കപ്പെടുന്നതാണ്.**

ബന്ധപ്പെട്ട കാര്യാലയ മേധാവികൾ ഈ ഉത്തരവ് ഉടൻ പ്രാബല്യത്തിൽ നടപ്പിൽ വരുത്തേണ്ടതും ജീവനക്കാരുടെ വിടുതലും പ്രവേശനവും സംബന്ധിച്ച വിവരങ്ങൾ ഈ കാര്യാലയത്തിലും ബന്ധപ്പെട്ട മറ്റ് അധികാര സ്ഥാനങ്ങളിലും അറിയിക്കേണ്ടതും ആണ്. ഈ ഉത്തരവ് തദ്ദേശസ്വയംഭരണ വകുപ്പിന്റെ www.lsg.kerala.gov.in എന്ന വെബ് വിലാസത്തിൽ ലഭ്യമാണ്.

(ഒപ്പ്)
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-
1. വ്യക്തികൾക്ക് (ഓഫീസ് മേധാവി മുഖേന)
2. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക്
3. പഞ്ചായത്ത് ഡയറക്ടർ (ഉപരിപത്രം സഹിതം)
4. സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, കോട്ടയം.
5. കരുതൽ / അധികം.

നിർദ്ദേശാനുസരണം

സൂപ്രണ്ട്

എവി.